LIBRARY ARCHIVES Kerala Legislative Assembly

കേരള ബാങ്കിലെ വായ്പാ കുടിശ്ശിക നിവാരണം

312 (697) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ വായ്പാ കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള ബാങ്കിൽ വായ്പാ കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി പ്രകാരവും നിബന്ധനകൾക്ക് വിധേയമായി പലിശ ഇളവോടുകൂടി കുടിശ്ശിക വായ്പകൾ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർഫാസി ആക്ട്, എ.ആർ.സി. നടപടികൾ പ്രകാരവും കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) ഗുരുതര രോഗങ്ങൾമൂലം വായ്പാ തിരിച്ചടവിൽ കുടിശ്ശിക വന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ബാങ്ക് നൽകിവരുന്നുണ്ടോ; വിശദമാക്കാമോ?

മാരകരോഗം ബാധിച്ചവർ, മരണപ്പെട്ടവർ തുടങ്ങിയവരുടെ വായ്പാ അക്കൗണ്ടുകൾ പലിശ ഇളവുകളോടുകൂടി തീർപ്പാക്കുന്നതിന് നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ടി കാറ്റഗറിയിൽ വരുന്ന വായ്പാ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിന് 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പൂർണ്ണമായും പലിശ ഇളവും 5 മുതൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ 50 ശതമാനം വരെ പലിശ ഇളവും 25 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വായ്പകൾക്ക് 30 ശതമാനം വരെയും പലിശ ഇളവ് അനുവദിച്ച് വരുന്നുണ്ട്. പദ്ധതി പ്രകാരം കുടിശ്ശിക മുഴുവൻ തീർപ്പാക്കുന്ന എല്ലാ അക്കൗണ്ടുകളിലും പിഴ പലിശ ഒഴിവാക്കിയും നൽകി വരുന്നുണ്ട്.

സഹകരണ മേഖലയിലെ നിയന്ത്രണങ്ങൾ

313 (698) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയെ ബാധിക്കുന്ന രീതിയിൽ കേന്ദ്രസർക്കാരും റിസർവ് ബാങ്കും എന്തെങ്കിലും നിബന്ധനകളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ ' Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്ക് പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയതുവഴി നിക്ഷേപത്തിൽ കുറവ് വരുന്നതിനും കാരണമാകും. പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)-യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI-യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്യ്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-യ്ക്ക് അധികാരമുണ്ട്. നിയമഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണസമിതിയെ നീക്കം ചെയ്യാനും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 26, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. 97-ാമത് ഭരണ ഘടന ഭേദഗതി, ബാങ്കിംഗ് റെഗുലേഷൻ നിയമ ഭേദഗതി, ആദായ നികുതിയുമായി ബന്ധപ്പെട്ട ഭേദഗതികൾ എന്നിവമൂലം സഹകരണ മേഖലയിൽ നടക്കുന്ന ഇടപെടലുകൾ സഹകരണ സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ പലതരത്തിലുള്ള ഇടപെടലുകൾ ഉണ്ടാകുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നതുമൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്.

(ബി) ഇപ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിനെ മറികടക്കുന്നതിനുവേണ്ട എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാങ്കിംഗ് നിയമ(ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ആയതിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേഗദതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ

314 (699) ശ്രീ. അൻവർ സാദത്ത്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. സജീവ് ജോസഫ്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ നിലവിലെ ഓഡിറ്റ് സംവിധാനങ്ങൾ വിശദമാക്കാമോ; ആയതിലെ പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ, സംഘം ബൈലോ, അംഗീകരിക്കപ്പെട്ട സബ് റൂളുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സഹകരണ ബാങ്കുകളിലെ ആഡിറ്റ്